# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
*ഫോൺ:* 0481-2733370

## വാർത്താക്കുറിപ്പ്

**2025 ജൂൺ 9**

---

## എം ജി ബിരുദ ഏകജാലകം; ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.*

*ജൂൺ 13 വരെ*
*ഓപ്ഷനുകൾ കൂട്ടിച്ചേർക്കുകയും ഒഴിവാക്കുകയും പുനഃക്രമീകരിക്കുകയും തിരുത്തലുകൾ വരുത്തുകയും ചെയ്യാം.*
*പേര്, ആധാർ നമ്പർ, മൊബൈൽ നമ്പർ, ഇ മെയിൽ വിലാസം, പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ, സംവരണ വിഭാഗം എന്നിവയിലൊഴികെ തിരുത്തൽ വരുത്താം.*

*ഇതുവരെ അപേക്ഷിക്കാത്തവർക്കും ഫീസ് അടച്ച ശേഷം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്കും*
*ജൂൺ 13 വരെ അപേക്ഷ നൽകാം.*

*കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിൽ അപേക്ഷിച്ചവർക്ക് ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും പുതിയ അപേക്ഷ നൽകുന്നതിനും 13 വരെ അവസരമു ്. ഇതിനായി കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ട ലോഗിൻ ഓപ്ഷൻ ഉപയോഗിക്കണം.*
*(പി.ആർ.ഒ/39/1669/2025)*

## റെസിഡന്റ് ട്യൂട്ടർ; വാക്-ഇൻ-ഇന്റർവ്യൂ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ വനിതാ ഹോസ്റ്റലുകളിൽ റെസിഡന്റ് ട്യൂട്ടർ തസ്തികയിൽ കരാർ നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ ജൂൺ 21ന് രാവിലെ 11ന് നടക്കും.*

*അംഗീകൃത സർവകലാശാലാ ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള വനിതകളെയാണ് പരിഗണിക്കുന്നത്. പ്രായം 25 നും 50 നും മധ്യേ. ഹോസ്റ്റലിൽ താമസിക്കുവാൻ സന്നദ്ധരായിരിക്കണം. പ്രതിമാസ വേതനം പരമാവധി 21,000 രൂപ.*

*താത്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളും സഹിതം രാവിലെ 9.30ന് ഭരണ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറുടെ (1) ഓഫീസിൽ എത്തണം.*

*വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ* (www.mgu.ac.in) *ഫോൺ –0481 2733240*

*(പി.ആർ.ഒ/39/1670/2025)*

## പിജി, ബിഎഡ് പ്രവേശനം; ഓൺലൈൻ രജിസ്ട്രഷൻ ജൂൺ 17 വരെ

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ, ബി.എഡ് പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴി പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 17 വരെ നീട്ടി. സാധ്യതാ അലോട്ട്മെന്റ് ജൂൺ 21 നും ഒന്നാം അലോട്ട്മെന്റ് ജൂൺ 24നും പ്രസിദ്ധീകരിക്കും.*

*സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടകളിലെ താത്കാലിക റാങ്ക് ലിസ്റ്റ് ജൂൺ 19 നും അന്തിമ ലിസ്റ്റ് ജൂൺ 21 നും പ്രസിദ്ധീകരിക്കുകയും പ്രവേശനം ജൂൺ 21 , 23 തീയതികളിൽ കോളജുകളിൽ നടത്തുകയും ചെയ്യും.*

www.cap.mgu.ac.in *രജിസ്റ്റർ ചെയ്യാം.*

*(പി.ആർ.ഒ/39/1671/2025)*

## പ്രാക്ടിക്കൽ

*നാലാം സെമസ്റ്റർ ബിഎ ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, ബിഎ വിഷ്വൽ ആർട്സ്, ബിഎ ആനിമേഷൻ ആൻ് വിഷ്വൽ ഇഫക്ട്സ് (സിബിസിഎസ് പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 12 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1672/2025)*

## പരീക്ഷാ തീയതി

*അഫിലിയേറ്റഡ് കോളേജുകളിലെ ര ാം സെമസ്റ്റർ എംഎ, എംഎസ്സി, എംകോം, എംഎസ്ഡബ്ല്യൂ, എംഎജെഎംസി, എംടിടിഎം, എംഎച്ച്എം, എംഎഫ്എ (സിഎസ്എസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2025) പരീക്ഷകൾ ജൂൺ 23 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1673/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ